# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 27-08-2012

# കുട്ടികൾ പഠിക്കേണ്ട പാഠഭാഗം മുഖ്യമന്ത്രി നേരിട്ട് തീരുമാനിക്കുന്നത് അനുചിതം

## കെ.എസ്.ടി.എ

**സ്കൂളുകളിൽ കുട്ടികൾ പഠിക്കേണ്ട പാഠഭാഗങ്ങൾ എന്തായിരിക്കണമെന്ന് മന്ത്രിമാർ നേരിട്ട് തീരുമാനിക്കുന്നത് വിദ്യാഭ്യാസരംഗത്തെ ഭരണകർത്താക്കളുടെ കടന്നുകയറ്റമാണെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി വിദഗ്ധസമിതിയെ നിയമിക്കാൻ കരിക്കുലം കമ്മിറ്റി തീരുമാനിച്ച ദിവസംതന്നെ ബാഹ്യഏജൻസികളുടെ പാഠ്യപദ്ധതി സ്കൂളിൽ നടപ്പിലാക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പ്രതിഷേധാർഹമാണ്. വിദ്യാഭ്യാസരംഗത്തെ അക്കാദമിക് സമിതികളെ നോക്കുകുത്തിയാക്കാനുള്ള നീക്കം ഉത്ക്കണ്ഠാജനകമാണ്. സ്കൂൾ പാഠ്യപദ്ധതിയും, പാഠപുസ്തകങ്ങളും എങ്ങിനെയായിരിക്കണമെന്ന് നിശ്ചയിക്കേണ്ടത് വിദ്യാഭ്യാസവകുപ്പിനുകീഴിലെ അക്കാദമിക് സമിതികളാണ്.**

**ശ്രീനാരായണ ഗുരുവിനെക്കുറിച്ചുള്ള പാഠഭാഗങ്ങൾ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി എന്തെന്നു തീരുമാനിച്ചിട്ടുണ്ടെന്നും അവ അടുത്തവർഷം മുതൽ സ്കൂളുകളിൽ നടപ്പിലാക്കുമെന്നുമുള്ള മുഖ്യമന്ത്രിയുടെ പ്രഖ്യാപനം വിദ്യാഭ്യാസരംഗത്തെ സാമുദായിക ഇടപെടലാണ്. ശ്രീനാരായണഗുരുവിനെക്കുറിച്ചും നവോത്ഥാന പ്രസ്ഥാനങ്ങളെക്കുറിച്ചും ചരിത്രത്തിലും മലയാള ഭാഷാപഠനത്തിലും ഇപ്പോൾതന്നെ പാഠഭാഗങ്ങൾ നിലവിലുണ്ട്. കൂടുതൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അതിനാവശ്യമായ നിർദ്ദേശം എസ്.സി.ഇ.ആർ.ടി യ്ക്കു നൽകുന്നതിനു പകരം മുഖ്യമന്ത്രിതന്നെ നേരിട്ട് പാഠഭാഗം ഉൾപ്പെടുത്തുന്നത് കേട്ടുകേൾവി ഇല്ലാത്ത നടപടിയാണ്. എൻ.ഡി.എ ഗവൺമെന്റിന്റെ ഭരണകാലത്ത് സ്കൂൾ വിദ്യാഭ്യാസവും ചരിത്രവും കാവിവൽക്കരിക്കാൻ സ്വീകരിച്ച നടപടികൾക്ക് തുല്യമാണിത്. ഇത്തരം പ്രവണതകൾക്കെതിരായിട്ടാണ് മതേതരത്വം, ജനാധിപത്യം, മാനവികത എന്നീ മൂല്യങ്ങളിലധിഷ്ഠിതമായ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന് 1-ാം യു.പി.എ ഗവൺമെന്റ് രൂപം നൽകിയത്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് കേരളത്തിൽ നിലവിൽവന്ന കേരള പാഠ്യപദ്ധതി ചട്ടക്കൂട് അട്ടിമറിക്കാനുള്ള ശ്രമം മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിനു പിന്നിലുണ്ട്.**

**വിദ്യാഭ്യാസ വകുപ്പിനെയും കരിക്കുലം കമ്മിറ്റിയെയും മറികടന്നുകൊണ്ട് കുട്ടികൾ പഠിക്കേണ്ട പാഠഭാഗങ്ങൾ തീരുമാനിക്കുന്ന സർക്കാർ നടപടി വിദ്യാഭ്യാസ രംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കും. സാമുദായിക ശക്തികളുടെ താൽപര്യങ്ങൾക്കനുസരിച്ച് പാഠഭാഗങ്ങൾ തീരുമാനിക്കാനുള്ള സർക്കാർ തീരുമാനം കുട്ടികളിൽ സാമുദായിക സ്പർദ്ധ വളർത്തുന്നതിനിടയാക്കും. സർക്കാർ നടപടി അംഗീകരിക്കില്ലെന്ന് കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.**

**എം. ഷാജഹാൻ**

ജനറൽ സെക്രട്ടറി